(സി) അടങ്കൽ തുകയുടെ 30% സർക്കാർ ഇടനിലക്കാർ കൈക്കലി ആവശ്യപ്പെട്ടതിനാലാണ് കമ്പനികൾ പിൻമാറിയതെന്ന ആക്ഷേപത്തെപ്പറ്റി അന്വേഷിക്കാൻ വിജിലൻസ് ഉൾപ്പടെയുള്ള ഉന്നതതല ഏജൻസിയെ ചുമതലപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിന്റെ ടെണ്ടറിന്റെ റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ (RFQ) ഘട്ടത്തിൽ അഞ്ച് കമ്പനികളാണ് അപേക്ഷ നൽകിയത്.

(ബി) റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ (RFP) സമർപ്പിക്കുന്നതിനായി മുമ്പ് നിശ്ചയിച്ച തീയതിയായ 2015 ഫെബ്രുവരി മാസം 20-ന് ടെണ്ടർ സമർപ്പിക്കാതിരുന്നതിനുള്ള കാരണങ്ങൾ കമ്പനികൾ ഒന്നുംതന്നെ എഴുതി അറിയിച്ചിട്ടില്ല. എന്നാൽ രാജ്യത്തു നിലനിൽക്കുന്ന കമ്പോട്ടാഷ് നിയമവും സംസ്ഥാനത്തുനിന്നുള്ള ചരക്കുകളുടെ കുറവും ഇതുകാരണം ഈ പദ്ധതിയുടെ വയബിലിറ്റിയെപ്പറ്റിയുള്ള ആശങ്കയുമായിരിക്കാം കമ്പനികൾ ടെണ്ടർ നടപടികളിൽ പങ്കെടുക്കാത്തതിനുള്ള കാരണം എന്ന് കരുതുന്നു.

(സി) ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വിഴിഞ്ഞം ടെണ്ടറിൽ നിന്ന് കമ്പനികളുടെ പിന്മാറ്റം

100 (105) ശ്രീ. കെ. കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം ടെണ്ടറിൽ നിന്ന് കമ്പനികൾ പിന്മാറിയതിൽ അട്ടിമറി നടന്നിട്ടുണ്ടാകാം എന്ന വകുപ്പ് മന്ത്രിയുടെ പ്രസ്താവന സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) മേൽവിഷയം സംബന്ധിച്ച് ഒരു സ്വതന്ത്ര ഏജൻസിയെ കൊണ്ട് അന്വേഷിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) അട്ടിമറിയുണ്ടെങ്കിൽ അന്വേഷിക്കുമോ എന്ന മാധ്യമ പ്രവർത്തകരുടെ ചോദ്യത്തിന് ഉണ്ടെങ്കിൽ അന്വേഷിക്കാം എന്നാണ് പറഞ്ഞത്.

(ബി&സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly